# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6958 2.11.2011 ൽ മറുപടിക്ക്

**കേരള റോഡ് ഫണ്ട് ബോർഡിന്റെ നവീകരണ പ്രവർത്തനങ്ങൾ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>,, എ. പി. അബ്ദുള്ളക്കുട്ടി<br>,, ഡൊമിനിക് പ്രസന്റേഷൻ<br>,, കെ. ശിവദാസൻ നായർ | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്ത്‌വകുപ്പു മന്ത്രി) |
| (എ) കേരള റോഡ് ഫണ്ട് ബോർഡ് മുഖേന നടത്തിവരുന്ന നവീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊ - ണ്ടിട്ടുണ്ട്; | (എ) കേരളാ റോഡ് ഫണ്ട് ബോർഡ് മുഖേന ഏറ്റെടുത്തു വരുന്ന തിരുവനന്തപുരം നഗര റോഡു വികസന പദ്ധതി ബി.ഒ.റ്റി - ആന്വിറ്റി അടിസ്ഥാനത്തിലാണ് നടപ്പാക്കിവരുന്നത്. പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ തിരുവനന്തപുരം റോഡ് വികസന കമ്പനി എന്ന കൺസഷണർ മുഖേനയാണ് നടത്തി വരുന്നത്. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ കാര്യക്ഷമമായും സമയബന്ധിതമായും നടത്തുന്നതിന് എല്ലാവിധ വ്യവസ്ഥകളും കൺസഷൻ കരാറിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ വ്യവസ്ഥകളനുസരിച്ച് നിർമ്മാണത്തിന്റെ കാര്യക്ഷമതയും ഗുണനിലവാരവും ഉറപ്പു വരുത്തുന്നതിനും ദൈനംദിന പുരോഗതികൾ നിരീക്ഷിക്കുന്നതിനും അവശ്യം വേണ്ട നിർദ്ദേശങ്ങൾ യഥാവിധം നൽകുന്നതിനും കേരള റോഡ് ഫണ്ട് ബോർഡ് പ്രോജക്ട് എഞ്ചിനീയറുടെ മേൽനോട്ടത്തിൽ ഒരു ടീമിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇവ കൂടാതെ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ അവലോകനവും കേരള റോഡ് ഫണ്ട് ബോർഡിന്റെ നേതൃത്വത്തിൽ പരിശോധിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകിവരുന്നു. പദ്ധതിയുടെ പുരോഗതി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗങ്ങളിൽ |

അവലോകനം ചെയ്ത് വേണ്ട നിർദ്ദേശങ്ങൾ നൽകിവരുന്നു. കൂടാതെ കോഴിക്കോട്, കൊച്ചി നഗര റോഡു വികസന പദ്ധതികളും കാര്യക്ഷമമായി നടപ്പാക്കുന്നതിന് ബോർഡ് നടപടി സ്വീകരിച്ചു വരികയാണ്.

(ബി); നഗരങ്ങളിൽ നടത്തിവരുന്ന റോഡ് നവീകരണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(സി) ഇതിനായി എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നത്?

(ബി) & (സി) ഇപ്പോൾ ഏറ്റെടുത്തിട്ടുള്ള തിരുവനന്തപുരം നഗര റോഡു വികസന പദ്ധതിയുടെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുന്നതാണ്.

അവശേഷിക്കുന്ന ഭൂമിഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കുന്നതിന് കളക്ടറേറ്റുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുന്നതാണ്. കൺസഷണർ കമ്പനിക്ക് പദ്ധതിയുടെ രണ്ടും മൂന്നും ഘട്ടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ എത്രയും വേഗം പൂർത്തീകരിക്കുവാനുള്ള നിർദ്ദേശങ്ങൾ നൽകിക്കഴിഞ്ഞു. കേരള വാട്ടർ അതോറിറ്റിയും, സ്വീവറേജ് ഡിവിഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നതാണ്. പല തർക്കങ്ങളുടേയും അടിസ്ഥാനത്തിൽ പണി തടസ്സപ്പെട്ടിട്ടുള്ള സ്ഥലങ്ങളിൽ ജനപ്രതിനിധികളുമായി ചർച്ച ചെയ്ത് പരിഹാരം കാണുവാനും പണികൾ വേഗത്തിൽ പൂർത്തീകരിക്കുവാനും നിർദ്ദേശം നൽകുന്നതാണ്.

സെക്ഷൻ ഓഫീസർ